Iruvathunalu vruttam and vijnana munjari: the poetical and prose portions of the Malayalam text for the matriculation examination 1880 [rmyaa iruvatnluvtta vijñnamañjar]

Calicut, 1880 Seite 1

L. J. Fr

രാമായണം.

# ഇരുവതാലുവൃത്തം

ഹരിഃ ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു.

ഒന്നാം വൃത്തം.

൧. വെണ്മതികലാഭരണനംബികഗണേശൻനിൎമ്മലഗുണാകമലവിഷ്ണുഭഗവാനും നാന്മുഖനുമാദികവിമാതൃഗുരുഭൂതർ നന്മകൾ വരുത്തുക നമുക്കുഹരിരാമ

൨. ഉത്തമപുരാണപുരുഷന്റെ ചരിതാനാമുത്തമമിതാദിരഘുനായക ചരിത്രം ഭക്തിയോടു ചൊല്ലുവതി നിന്നുതുനിയുന്നെനനുഗ്രഹപദ മെകുവതിനാശു ഹരിരാമ.

൩. രാക്ഷസകുലാധിപതി രാവണ ഭുജോഷ്മാ തീക്കനലിൽ വീണുഴലുമത്രിദശപാളി പാൽക്കടലിൽ മെവിനപുരാണപുരുഷന്റെ കാക്കലടിപെട്ടുഭുവി വീണുഹരിരാമ.

൪. മാധവജയിക്കമധുസൂദന ജയിച്ചീടാധിശമനായഭവനീലഘനധാമൻ സാധുജനപാലനനിബൊധഗിരമസ്മാൻ പാഹിജഗദീശ്വര നമൊസ്തു ഹരിരാമ.

൫. ഇത്ഥമമരസ്തുതികൾകേട്ടുപുരുഷൊത്തമനുമന്നു ഫണിമെത്തമെലിരുന്നു ഹന്തഭവതാഗമന കാരണമമൎത്ത്യാസ്സാംപ്രതമിദം കിമിതി ചൊൽകഹരിരാമ

൬. സാക്ഷിഭവതാവിദിത മിങ്ങുകിമിദാനീം സൂക്ഷ്മതനുവായഖില ജന്തുഷുനിവാസ സംരക്ഷണ കലാചലന മാത്രതയിൽ വിശ്വം തീൎക്കതവ വൈഭവമിതെന്തു ഹരിരാമ.

൭. ഇപ്പടി ഭജന്തിനഭജന്തി സുഖഭേദത്തെ ത്വാമകരുണാ വരദകാമവിവശായെ കെവലസുഖായനഹിതന്നു വിദിതം കിംതദപി ഹതെവയ മഹീശഹരിരാമ.

൮. കേൾക്കമമവാക്യമരി സൂദനതവാജ്ഞാ വാൎത്തപറയു



http://idb.ub.uni-tuebingen.de/diglit/CiXIV259/0005
EBERHARD KARLS UNIVERSITÄT TÜBINGEN
Universitätsbibliothek Tübingen
gefördert durch die DFG